# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2711 — 14.02.2013 - ൽ മറുപടിക്ക്

## പന്തളം കുടിവെള്ളപദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ചിറ്റയം ഗോപകുമാർ** | | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പന്തളത്ത് നിലനിൽക്കുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) അത് പരിഹരിക്കുന്നതിനു വേണ്ടി നടപ്പിലാക്കി വരുന്ന പന്തളം കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ 80% ത്തിലേറെ പൂർത്തീകരിച്ച് വർഷങ്ങളായിട്ടും പണി പൂർത്തീ കരിക്കുവാൻ കഴിയാത്ത അവസ്ഥ ഒഴിവാക്കുന്ന തിന് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയി ക്കുമോ;<br>(സി) പദ്ധതിയുടെ പൂർത്തീകരണത്തിന് അധികമായി വേണ്ട തുകയ്ക്കുള്ള ഭരണാനുമതി ലഭ്യമാക്കുന്ന തിന് അടിയന്തിരമായ അനുകൂല നടപടി സാദ്ധ്യ മാക്കുമോ;<br>(ഡി) എങ്കിൽ എന്നത്തേയ്ക്ക് പ്രസ്തുത പദ്ധതി പ്രവർ- ത്തന സജ്ജമാക്കുന്നതിന് കഴിയുമെന്നറിയിക്കാമോ? | (ബി), (സി) & (ഡി) | പന്തളം ശുദ്ധജലവിതരണ പദ്ധതി 4 പാക്കേജുകളായിട്ടാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ പാക്കേജ് 1, 3, 4 എന്നിവയുടെ പണി പൂർത്തീകരിച്ചു. പാക്കേജ് 2-ൽ ഉൾപ്പെടുത്തിയിട്ടുള്ളത് ഡിഐപൈപ്പുകൾ ഉപയോഗിച്ച് റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ഡിഐ വിതരണ ശൃംഖല എന്നിവയാണ്. ഇതിൽ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പാക്കേജ് 2-ലെ പ്രവൃത്തി 4 തവണ റീ ടെണ്ടർ ചെയ്തിട്ടും ടെണ്ടർ എക്സസ് അധികമായതിനാൽ അനുമതി നൽകാൻ സാധിച്ചില്ല. പാക്കേജ് 2-ലെ ബാക്കി പണികൾ പൂർത്തീകരിക്കുന്നതിന് 2044.01 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള നിർദ്ദേശം കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരികയാണ്. പ്രസ്തുത നിർദ്ദേശം ലഭിച്ചാലുടൻ എംപവേർഡ് കമ്മറ്റി മുമ്പാകെ സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ